# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 24-04-2010 മുതൽ 30-04-2010 വരെ)

## മണൽ കടത്തുകാരെ SI-യും സംഘവും നീന്തിച്ചെന്ന് പിടിച്ചു

പോലീസിനെ കണ്ട് വള്ളത്തിൽ രക്ഷപ്പെടാൻ ശ്രമിച്ച മണൽ കടത്തുകാരായ തിരുമല തൃക്കണ്ണാപുരം സ്വദേശികളായ സുനിൽകുമാർ, അനിൽകുമാർ എന്നിവരെ പൂജപ്പുര എസ്.ഐയും പാർട്ടിയും ചേർന്ന് സാഹസികമായി നീന്തിച്ചെന്ന് പിടികൂടി.

(Cr. 279/10, TVM C, Poojappura PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Sajisankar SI, Sri. Jayachandran Nair Gr SI, DVR PC 3451

## അനധികൃതമായി കാറിൽ കടത്തിയ സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തു.

മങ്കര പോലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 28.04.10 തീയതി രാത്രി 8.30 മണിയോടുകൂടി മങ്കര ഭാഗത്തുവച്ച് സംശയാസ്പദമായ രീതിയിൽ കണ്ട അബാസിഡർ കാർ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽനിന്നും 1000 ഇലക്ട്രിക് ഡിറ്റനേറ്റർ, 6000 ജലാസ്റ്റിൽ സ്റ്റിക്ക്, 7 കെട്ട് ഫ്യൂസ് വയർ എന്നിവ കണ്ടെടുത്തു. ഇതുമായി ബന്ധപ്പെട്ട് പട്ടാമ്പി സ്വദേശി കെ.പി മുരളീധരനെയും, ഒലവക്കോട് സ്വദേശി രാജകുമാരനെയും അറസ്റ്റ് ചെയ്തു.

(Cr. 171/10,PKD, Mankara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. A. Deepakumar SI, Sri. M.S Jojo GrSI, PCs 4246, 5179

## മോഷ്ടാവ് പിടിയിൽ

20.02.2010 തീയതി രാത്രിയിൽ വെങ്ങൂർ കുപ്പാടിയിലുള്ള ബാലകൃഷ്ണന്റെ വീടിന്റെ പൂട്ട് പൊളിച്ച് അകത്തുകയറി 9.75 ഗ്രാം സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തുകൊണ്ടുപോയ കേസ്സിലെ പ്രതി അനിൽകുമാറിനെ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി 29.04.2010-ന് വൈകിട്ട് 5.30 മണിയോടുകൂടി വെങ്ങൂർ ഭാഗത്തുനിന്നും അറസ്റ്റ് ചെയ്തു.

(Cr. 175/10, WYND, Bathery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Shaji Varghese CI, HCs 639, 999, 1261 and ARPC 2048

## വൻ സ്ഫോടകശേഖരം പിടിച്ചെടുത്തു

കോതമംഗലം പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 28-04-2010 തീയതി വൈകിട്ട് 6.45 മണിയോടുകൂടി കോതമംഗലം നഗര മദ്ധ്യത്തിലുള്ള ഇരുമ്പ് കടയുടെ ഗോഡൗണിൽനിന്നും 1700 ഡിറ്റനേറ്റർ, 186 ജലാസ്റ്റിൻ സ്റ്റിക്ക്, 125 കിലോ അമോണിയം നൈട്രേറ്റ്, 85 കിലോ ഗൺപൗഡർ എന്നിവ പോലീസ് പിടികൂടി. കടയുടമ കോഴിപ്പിള്ളി ഇ.വി വർഗ്ഗീസ്, സഹായിയായ പൊന്നപ്പൻ എന്നിവരെ അറസ്റ്റ് ചെയ്തു.

(Cr. 320/10, EKM RL, Kothamangalam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Famous Varghese CI, Sri. R. Madhu SI, PCs 8081, 9093

## നിരവധി മോഷണ കേസുകളിലെ പ്രതി അറസ്റ്റിൽ

നിരവധി മോഷണ കേസുകളിലെ പ്രതിയായ കടവന്ത്ര ഗാന്ധിനഗർ സ്വദേശി രാജേന്ദ്രനെ എറണാകുളം കോൺവെന്റ് ജംഗ്ഷന് സമീപത്തുനിന്നും 24.04.2010 തീയതി പുലർച്ചെ 1.20 മണിയോടുകൂടി എറണാകുളം സെൻട്രൽ പോലീസ് പട്രോൾ

ഡ്യൂട്ടിയ്ക്കിടെ അറസ്റ്റ് ചെയ്തു. ഇയാൾ ഒരു കടയിൽ മോഷണം നടത്താനുള്ള ശ്രമത്തിലായിരുന്നു.

(Cr. 1116/10,EKM C, Central PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Gopalakrishnan SI, PC 1562

## 544 ലിറ്റർ സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു

28.04.10 തീയതി ഉച്ചയ്ക്ക് 1.20 മണിയോടുകൂടി ഹൈവേ പോലീസ് (Kilo 14) കസബ പോലീസ് സ്റ്റേഷനു സമീപം ഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കോയമ്പത്തൂർ ഭാഗത്തുനിന്നും തൃശൂർ ഭാഗത്തേക്ക് വരുകയായിരുന്ന വാഗൺ-ആർ കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ കന്നാസുകളിൽ ഒളിപ്പിച്ചുവച്ചനിലയിൽ 544 ലിറ്റർ സ്പിരിറ്റ് പോലീസ് കണ്ടെടുത്തു. തുടർന്ന് കാർ ഡ്രൈവർ ഷിഹാബിനെ അറസ്റ്റ് ചെയ്തു.

(Cr. 432/10,PKD, Kasaba PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Manoj Parayatta SI, Sri. Surendran ASI (Kilo 14), Sri. Ajayakumar ASI, PC 5145 (Kilo 14), PC 5524 (Kilo14)

## കൈമോശംവന്ന ബാഗ് കണ്ടെടുത്ത് ഉടമസ്ഥയ്ക്ക് തിരിച്ചു നൽകി

29-4-2010 തീയതി രാവിലെ 4.50 മണിയോടുകൂടി മലബാർ എക്സ്പ്രസ്സിലെ യാത്രക്കാരിയായ ധന്യ അവരുടെ ലാപ്ടോപ്പ്, മൊബൈൽഫോൺ എന്നിവ അടങ്ങിയ ബാഗ് ട്രെയിനിൽ മറന്നുവച്ചശേഷം പറവൂർ റെയിൽവേ സ്റ്റേഷനിലിറങ്ങി. റെയിൽ അലർട്ട് കൊടുത്ത വിവരത്തിന്റെ അടിസ്ഥാനത്തിൽ MOP പാർട്ടി നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ബാഗ് കണ്ടെത്തി കോട്ടയം റെയിൽവേ സ്റ്റേഷനിൽ ഏൽപ്പിക്കുകയും തുടർന്ന് യാത്രക്കാരിക്ക് കൈമാറുകയും ചെയ്തു.

(Rail Alert).

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : PCs 1371, 1374, 2327, RPS PC 2236